പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2141 **26-10-2026-ൽ മറുപടിയ്ക്ക്**

ക്ലീൻ കേരളയും മാലിന്യ നിർമ്മാർജ്ജനവും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പാറക്കൽ അബ്ദുല്ല ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാഴ്വസ്തു ശേഖരണത്തിലും നിർമ്മാർജ്ജനത്തിലും മുൻ വർഷങ്ങളെ അപേക്ഷിച്ച് മുന്നേറ്റമുണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം നല്കാമോ;

മറുപടി: ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ലീൻ കേരള കമ്പനി മുഖേനയുള്ള അജൈവ പാഴ്വസ്തു ശേഖരണത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് പുരോഗതി കൈവരിച്ചിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷത്തിലെ ജൂൺ മുതൽ സെപ്റ്റംബർ വരെ 24,914 ടൺ അജൈവ പാഴ്വസ്തുക്കൾ ശേഖരിച്ചപ്പോൾ, 2026-27 സാമ്പത്തിക വർഷത്തിലെ ഇതേ കാലയളവിൽ 32,141 ടൺ ശേഖരിക്കാൻ സാധിച്ചു. ഇതിലൂടെ 7,227 ടണ്ണിന്റെ വർധനവും ഏകദേശം 29 ശതമാനം വളർച്ചയും കൈവരിച്ചിട്ടുണ്ട്.

(ബി) ക്ലീൻ കേരള കമ്പനി 2026 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ സംഭരിച്ച പാഴ്വസ്തുക്കളുടെ അളവ് എത്ര ടൺ ആണെന്ന് വ്യക്തമാക്കാമോ;

മറുപടി: 2026 ഏപ്രിൽ മുതൽ ഓഗസ്റ്റ് വരെയുള്ള കാലയളവിൽ ക്ലീൻ കേരള കമ്പനി മുഖേന ആകെ 37,513 ടൺ അജൈവ പാഴ്വസ്തുക്കൾ ശേഖരിച്ചിട്ടുണ്ട്. ശേഖരിച്ച പാഴ്വസ്തുക്കൾ തരംതിരിച്ച് പുനഃചംക്രമണത്തിനും ശാസ്ത്രീയമായ തുടർസംസ്കരണത്തിനും നിർമ്മാർജനത്തിനും വിധേയമാക്കുന്നതിനുള്ള നടപടികൾ കമ്പനി മുഖേന നടപ്പിലാക്കി വരുന്നു.

(സി) കഴിഞ്ഞ വർഷം ഇതേ കാലയളവിൽ സംഭരിച്ച പാഴ്വസ്തുക്കളുടെ അളവ് എത്ര മെട്രിക് ടൺ ആണെന്ന് വ്യക്തമാക്കാമോ;

മറുപടി: 31605 ടൺ

(ഡി) പാഴ്വസ്തുക്കളുടെ ശേഖരണത്തിൽ ഈ വർഷം വർദ്ധനവുണ്ടായിട്ടുണ്ടെങ്കിൽ കഴിഞ്ഞ വർഷം ഇതേകാലയളവിൽ ശേഖരിച്ചതിനെ അപേക്ഷിച്ച എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ ?

മറുപടി: 2025-26 സാമ്പത്തിക വർഷത്തിലെ ഏപ്രിൽ മുതൽ ഓഗസ്റ്റ് വരെ 31,605 മെട്രിക് ടൺ അജൈവ പാഴ്വസ്തുക്കൾ ശേഖരിച്ചപ്പോൾ, 2026-27 സാമ്പത്തിക വർഷത്തിലെ ഇതേ കാലയളവിൽ 37,513 മെട്രിക് ടൺ ശേഖരിക്കാൻ സാധിച്ചു. ഇതിലൂടെ 5,908 മെട്രിക് ടണ്ണിന്റെ വർധനവും ഏകദേശം 18.69 ശതമാനം (19%) വളർച്ചയും കൈവരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ